"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് -ജയിലുകൾ-വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ സൂപ്രണ്ട് ശ്രീ. എ.ജി. സുരേഷിനെ സർവ്വീസിൽ നിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ടും ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2673/2021/ആഭ്യന്തരം തീയതി,തിരുവനന്തപുരം, 29/09/2021

---

പരാമർശം:- ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 23.09.2021 തീയതിയിലെ 18/ക്യാമ്പ്/ ഡി.ജി.പി. & സി.എസ്.2021 നമ്പർ കത്ത്.

**ഉത്തരവ്**

വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ സി. നം. 5348 റഷീദ് S/o അസീസ് എന്ന തടവുകാരൻ ജയിലിൽ നിന്നും ജയിൽ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായി യഥേഷ്ടം മൊബൈൽഫോൺ ദുരുപയോഗിച്ച് വരുന്നതായി തൃശ്ശൂർ സിറ്റി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണറുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഉത്തര മേഖലാ ഡി.ഐ.ജി ശ്രീ. എം.കെ. വിനോദ് കുമാറിനെ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ചുമതലപ്പെടുത്തുകയും ടി ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആയതിന്മേൽ ശിപാർശകൾ ഉൾപ്പെടെ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് പരാമർശം (2) കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുയുണ്ടായി. പ്രത്യേകതകളുള്ളതോ പ്രമാദമായതോ ആയ കേസുകളിൽ ഉൾപ്പെട്ട തടവുകാരോട് നിയമപരമല്ലാത്ത ഇടപെടൽ നടത്തുകയും അവർക്ക് ജയിലിനുള്ളിൽ ചട്ട പ്രകാരമല്ലാത്ത ദുസ്വാതന്ത്ര്യം അനുവദിച്ച് കൊടുക്കുകയും അവരുടെ ചെയ്തികൾക്ക് സംരക്ഷണം നൽകുകയും ചെയ്യുന്നതിൽ സൂപ്രണ്ട് ശ്രീ. എ.ജി. സുരേഷ് കൃത്യവിലോപം ഉൾപ്പെടെ ഗൗരവതരമായ ചട്ട ലംഘനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലും വീഴ്ചകളുടെ ഗൗരവം കണക്കിലെടുത്തും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ശ്രീ. എ.ജി. സുരേഷിനെ 1960 ലെ കെ സി എസ് (സി സി എ) റൂൾസിലെ ചട്ടം 10 പ്രകാരം സർവ്വീസിൽ നിന്നും അന്വേഷണ വിധയമായി സസ്പെൻഡ് ചെയ്ത് ഉത്തരവാകുന്നു

3. ശ്രീ. എ.ജി. സുരേഷിന് റൂൾ 5 5 പാർ ട്ട് I കെ.എസ്.ആർ. പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

4. താഴെപ്പറയും പ്രകാരം ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി നിയമിച്ചുകൊണ്ടും അധിക ചുമതല നൽകിക്കൊണ്ടും ഉത്തരവാകുന്നു:-

(i) ചീമേനി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ശ്രീ. ആർ. സാജനെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ സൂപ്രണ്ട് ശ്രീ. എ.ജി. സുരേഷിനെ സസ്പെൻഡ് ചെയ്ത ഒഴിവിൽ നിയമിക്കുന്നു.

(ii) തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ശ്രീ. സുധീറിനെ ചീമേനി ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ട് ശ്രീ. ആർ. സാജനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിക്കുന്നു.

(iii) തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ ചുമതല അവിടത്തെ സീനിയർമോസ്റ്റ് ജോയിന്റ് സൂപ്രണ്ട് ശ്രീ.കെ.വി.ബൈജുവിന് അധികചുമതലയായി നൽകുന്നു.

(iv) വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം ജോയിന്റ് സൂപ്രണ്ട് ശ്രീ. രാജു എബ്രഹാമിനെയും വിയ്യൂർ ഹൈ സെക്യൂരിറ്റി പ്രിസൺ ജോയിന്റ് സൂപ്രണ്ട് ശ്രീ. അഖിൽ എസ്. നായരെയും പരസ്പരം സ്ഥലംമാറ്റി നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം

സംസ്ഥാന പോലീസ് മേധാവി ,കേരള, തിരുവനന്തപുരം

ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് മുഖേന)
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ
സൂപ്രണ്ട്, ഹൈ സെക്യൂരിറ്റി പ്രിസൺ, വിയ്യൂർ
സൂപ്രണ്ട്, ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, ചീമേനി
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

പകർപ്പ് : മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Signed by Jijimon.r
Date: 29-09-2021 17:45:20
Reason: Approved

സെക്ഷൻ ഓഫീസർ